പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4062 — 24.08.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കൾക്ക് അന്തർദേശീയ നിലവാരം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ടി.ബൽറാം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ഐ.ടി.ഐ. കളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്-ന്റെ (കിഫ്ബി) ധനസഹായ ത്തോടെ 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചാക്ക, കോഴിക്കോട് ഗവ.ഐ.ടി.ഐ.കളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ആധുനിക സാങ്കേതിക സൗകര്യങ്ങളാണ് ഐ.ടി.ഐ.കളിൽ ഇതോ ടനുബന്ധിച്ച് ഒരുക്കുന്നതെന്ന് വ്യക്തമാ ക്കുമോ? | (ബി) എന്തെല്ലാം ആധുനിക സാങ്കേതിക സൗകര്യങ്ങളാണ് ഇതിനായി ഒരുക്കേണ്ടത് എന്നതുൾപ്പെടെയുള്ള വിഷയങ്ങളും അന്താരാഷ്ട്ര നിലവാരത്തിന്റെ മാനദണ്ഡവും നിശ്ചയിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് ഇതിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചിട്ടുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ചുമതലപ്പെടുത്തിയിരി ക്കുകയാണ്. |

സെക്ഷൻ ഓഫീസർ